# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.09.2025**

### പ്രധാനവാർത്തകൾ

1. സെമിക്കോൺ ഇന്ത്യ സിഇഒ -മാരുടെ ന്യൂഡൽഹിയിൽ നടന്ന വട്ടമേശ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു.
2. ഫയൽ അദാലത്തിൻറെ തുടർ നടപടികൾക്ക് രൂപം നൽകി സംസ്ഥാന മന്ത്രിസഭായോഗം.
3. ഓണാഘോഷങ്ങൾക്കുള്ള അവസാനവട്ട തയ്യാറെടുപ്പിൽ കേരളം. ഓണത്തിരക്കിൽ മുഴുകി നാടും നഗരവും. നാളെ ഉത്രാടം.
4. ഓണം വാരാഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ അൽപ സമയത്തിനകം നിർവഹിക്കും. ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു.
5. വയോജന ക്ഷേമത്തിന് സുപ്രധാന ചുവടുവയ്പ്പുമായി കേരളം. സംസ്ഥാന വയോജന കമ്മീഷൻ ഇന്ന് ചുമതലയേറ്റു.
6. കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസിനെതിരെ ട്രിവാൻഡ്രം റോയൽസിന് മിന്നും ജയം.

## <u>സെമിക്കോൺ- പ്രധാനമന്ത്രി</u>

സെമിക്കോൺ ഇന്ത്യ സിഇഒ -മാരുടെ വട്ടമേശ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തു . ഇന്ത്യയുടെ അർദ്ധചാലക ആവാസ വ്യവസ്ഥ സംബന്ധിച്ച ചർച്ചകളാണ് വട്ടമേശ സമ്മേളനത്തിൽ നടന്നത്. സെമി കണ്ടക്ടർ മേഖലയിലെ പ്രമുഖരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ന്യൂഡൽഹിയിലെ യശോഭൂമിയിൽ സമ്മേളനത്തോടനുബന്ധിച്ച് സജ്ജമാക്കിയ പ്രദർശനവും പ്രധാനമന്ത്രി വീക്ഷിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸

**ജി.എസ്.ടി**

ജി.എസ്.ടി കൗൺസിലിന്റെ 56-ാമത് യോഗം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ആരംഭിച്ചു. കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ധനമന്ത്രിമാർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പുത്തൻ തലമുറ ജി.എസ് ടി പരിഷ്കരണം, നികുതി നിരക്ക് മാറ്റം തുടങ്ങിയവ സംബന്ധിച്ച ചർച്ചകളാണ് രണ്ട് ദിവസം നീളുന്ന യോഗത്തിൽ നടക്കുന്നത്. പാവപ്പെട്ടവർക്കും, കർഷകർക്കും, ഇടത്തരക്കാർക്കും, ആശ്വാസകരമാകുന്ന രീതിയിൽ ദീപാവലിയോടെ, ജി എസ് ടി പരിഷ്കാരങ്ങൾ നടപ്പാക്കാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. എന്നാൽ പരിഷ്കരണം മൂലം വരുമാനത്തിൽ കുറവുണ്ടാകുമോ എന്ന ആശങ്ക വിവിധ സംസ്ഥാനങ്ങൾ ഉന്നയിച്ചു. പരിഷ്കാര നിർദ്ദേശങ്ങൾ കേരളത്തിന്റെ ധനാഗമന മാർഗങ്ങളെ ബാധിക്കുമെന്ന ആശങ്ക യോഗത്തിൽ ഉന്നയിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ വ്യക്തമാക്കിയിരുന്നു.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸

**മന്ത്രിസഭായോഗം**

ജൂലായ് 1 മുതൽ ആഗസ്റ്റ് 31 വരെ നടത്തിയ ഫയൽ അദാലത്തിന്റെ തുടർച്ചയായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഇന്ന് ചേർന്ന സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ഫയൽ അദാലത്തിന്റെ മൊത്തത്തിലുള്ള കണക്കുകൾ

ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ റിപ്പോർട്ട് ഫയൽ അദാലത്ത് പോർട്ട ലിൽ പ്രസിദ്ധീകരിക്കും. സെക്രട്ടേറിയറ്റിലും, വകുപ്പ് കാര്യാലയങ്ങളിലും അടക്കം കുടിശ്ശികയുള്ള ഫയലുകളുടെ 59 ശതമാനം അദാലത്തിൽ തീർപ്പാക്കിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸☸.

ഓണാഘോഷം - ഉത്രാടപാച്ചിൽ

ഓണം പടിവാതിൽക്കൽ എത്തിനിൽക്കേ ആഘോഷത്തിമിർപ്പിൽ കേരളം. നഗര-ഗ്രാമ ഭേദമന്യേ ഓണത്തിരക്കിൽ മുഴുകുകയാണ്. നാളെ ഉത്രാട മെത്തുന്നതോടെ ഓണക്കോടിക്കും സദ്യവട്ടങ്ങൾക്കുമായുള്ള അവസാന വട്ട പാച്ചിലിലാണ് മലയാളികൾ. മറ്റന്നാളാണ് സമൃദ്ധിയുടെ പൊന്നിൻ തിരുവോണം. ഇത്തവണ അത്തം പതിനൊന്നിനാണ് തിരുവോണം എന്ന പ്രത്യേകതയുമുണ്ട്. സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് ഇന്ന് തുടക്കമാകും. ഓണാഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അൽപസമയത്തിനകം നിർവഹിക്കും. ഈ മാസം 9 വരെ 33 വേദികളിലായി വൈവിധ്യമായ പരിപാടികളുമായാണ് ഇത്തവണത്തെ ഓണം വാരാഘോഷം. 9 ന് നടക്കുന്ന ഓണം ഘോഷയാത്രയുടെ ഫ്ളാഗ് ഓഫ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവഹിക്കും. ഓണഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിലെ പ്രധാന റോഡുകളിൽ പാർക്കിംഗ് അനുവദിക്കില്ലെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸

പൂക്കച്ചവടം- കണ്ണൂർ(ഇൻട്രോ)

കണ്ണൂരിൽ ഇടയ്ക്കിടെ പെയ്യുന്ന മഴ ഓണാഘോഷത്തിൻറെ മാറ്റ് അല്പം പോലും കുറയ്ക്കുന്നില്ല. നാടും നഗരവും നിറഞ്ഞ ആഘോഷ തിരക്കിലാണ്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ ശശിധരൻ.**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸☸.

## സപ്ലൈകോയിൽ ഉത്രാടദിന വിലക്കുറവ്

സപ്ലൈകോയിൽ ഉത്രാടദിനമായ നാളെ തിരഞ്ഞെടുത്ത സബ്സിഡി ഇതര സാധനങ്ങൾക്ക്, 10 ശതമാനം വരെ വിലക്കുറവ്. ഓണത്തോട് അനുബന്ധിച്ച് സപ്ലൈകോ നൽകുന്ന ഓഫറിനും വിലക്കുറവിനും പുറമേയാണിത്. അരി, എണ്ണ, സോപ്പ്, നെയ്യ്, ഡിറ്റർജെൻറുകൾ, ശബരി ഉത്പന്നങ്ങൾ തുടങ്ങിയവയ്ക്ക് അധിക വിലക്കുറവ് ലഭിക്കും. സപ്ലൈകോ ഓണച്ചന്തകൾക്ക് പുറമെ മാവേലി സ്റ്റോർ, മാവേലി സൂപ്പർ സ്റ്റോർ, സൂപ്പർ മാർക്കറ്റുകൾ എന്നിങ്ങനെയുള്ള എല്ലാ വില്പനശാലകളിലും ഉത്രാടദിന വിലക്കുറവ് ലഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁

## കർഷക ചന്ത - കൃഷിവകുപ്പ്.

ഓണ വിപണി ലക്ഷ്യമാക്കി സംസ്ഥാനത്തുടനീളം കൃഷിവകുപ്പ് ഒരുക്കിയ 2,000 കർഷകചന്തകളിലൂടെ ആദ്യദിനം വിറ്റഴിച്ചത് ഒരു കോടി രൂപയുടെ പച്ചക്കറികൾ. പൊതുവിപണിയിലെ വിലയുടെ 10 ശതമാനത്തിലധികം കർഷകർക്ക് നൽകി സംഭരിക്കുന്ന പഴം പച്ചക്കറികൾ, വിപണി വിലയേക്കാൾ 30 ശതമാനം വിലക്കുറവിലാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കർഷകചന്തകൾ നാളെ കൂടി പ്രവർത്തിക്കുന്നതായിരിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁.

## പത്തനംതിട്ട - പൊടിപ്പാറ പൂരാടം - ഇൻട്രോ

ഓണം ആഘോഷിക്കാൻ എല്ലാവരെയും പ്രാപ്തരാക്കുക എന്ന സന്ദേശം പകർന്ന് പത്തനംതിട്ട ഇരവിപേരൂർ പൊടിപ്പാറ ഗ്രാമത്തിൽ പൂരാടം കൊടുപ്പ് നടന്നു. പ്രദേശത്തെ പുരാതന ഇല്ലമായ പച്ചക്കുളത്തു നിന്നാണ് ഈ ആചാരത്തിൻ്റെ ഉത്ഭവം.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁.

## ഉത്രാടക്കിഴി സമർപ്പണം

ആചാരത്തനിമ നിലനിർത്തി ഉത്രാടക്കിഴി സമർപ്പണം നാളെ നടക്കും. രാവിലെ 11ന് മന്ത്രി വി.എൻ വാസവൻ കോട്ടയം വയസ്കര രാജ്ഭവൻ കോവിലകത്തെ എൻ.കെ സൗമ്യവതി തമ്പുരാട്ടിക്ക് കിഴി കൈമാറും.

❁❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. ഇന്ന് പ്രത്യേക പൂജകൾ ഇല്ല. ഉത്രാടം ദിനമായ നാളെ പുലർച്ചെ അഞ്ച് മണിക്ക് നട തുറക്കും. ഉത്രാടം, തിരുവോണം, അവിട്ടം ദിനങ്ങളിൽ സന്നിധാനത്ത് ഓണസദ്യ ഉണ്ടായിരിക്കും. ഓണക്കാല പൂജകൾ പൂർത്തിയാക്കി ചതയം ദിനമായ 7 ന് രാത്രി 9 മണിക്ക് നടയടക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## അയ്യപ്പ സംഗമം - ഹൈക്കോടതി

തിരുവിതാംകൂർ ദേവസ്വംബോർഡ് സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം സംബന്ധിച്ച് വ്യക്തതവരുത്തണമെന്ന് ഹൈക്കോടതി. പരിപാടി സംഘടിപ്പിക്കുന്നതിന് ഭക്തരുടെ പണം ചെലവഴിക്കാനാകില്ലെന്ന് ജസ്റ്റിസുമാരായ ദേവൻ രാമചന്ദ്രൻ, ശ്യാംകുമാർ വി എം എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു. പമ്പയിൽ ഈ മാസം 16 മുതൽ 20 വരെ നടക്കുന്ന ആഗോള അയ്യപ്പ സംഗമം തടയാൻ സർക്കാരിനും ദേവസ്വം ബോർഡിനും നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ടുള്ള പൊതു താൽപര്യ ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമാക്കാനും മത സൗഹാർദത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം പ്രചരിപ്പിക്കാനുമാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് ദേവസ്വംബോർഡ് അറിയിച്ചു. അയ്യപ്പ സംഗമത്തിന്റെ സ്പോൺസർമാർ ആരാണെന്ന് രേഖാമൂലം അറിയിക്കണമെന്നും കോടതി നിർദ്ദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁.

## മന്ത്രി വി.എൻ വാസവൻ - അയ്യപ്പ സംഗമം

ആഗോള അയ്യപ്പ സംഗമത്തെ രാഷ്ട്രീയമായി കാണേണ്ടതില്ലെന്ന് ദേവസ്വം മന്ത്രി വി.എൻ വാസവൻ. തിരുവിതാംകൂർ ദേവസ്വം ബോർഡാണ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചത്. ശബരിമലയുമായി ബന്ധപ്പെട്ട വികസന നിർദ്ദേശങ്ങൾ, പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുമെന്നും മന്ത്രി അറിയിച്ചു. അതേസമയം തിരുവിതാംകൂർ ദേവസ്വം ബോർഡിനെ മുന്നിൽ നിർത്തിക്കൊണ്ട് സംസ്ഥാന സർക്കാരാണ് അയ്യപ്പ സംഗമം നടത്തുന്നതെന്നും, രാഷ്ട്രീയ മുതലെടുപ്പാണിതെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸

## വയോജന കമ്മീഷൻ

വയോജന ക്ഷേമത്തിന് സുപ്രധാന ചുവടുവയ്പ്പുമായി കേരളം. സംസ്ഥാന വയോജന കമ്മീഷൻ ഇന്ന് ചുമതലയേറ്റു. മുൻ രാജ്യസഭാംഗം കെ സോമപ്രസാദ് ചെയർപേഴ്സണായ അഞ്ചംഗ കമ്മീഷനാണ് സ്ഥാനമേറ്റത്. അമരവിള രാമകൃഷ്ണൻ, ഇ.എം.രാധ, കെ.എൻ.കെ നമ്പൂതിരി, പ്രൊഫ. ലോപസ് മാത്യു എന്നിവരാണ് മറ്റ് അംഗങ്ങൾ. രാജ്യത്താദ്യമായി വയോജന കമ്മീഷൻ രൂപീകരിക്കുന്ന സംസ്ഥാനമായി ഇതോടെ കേരളം മാറി.

RIUTVPM

☸☸☸☸☸☸☸☸☸☸☸☸☸☸

## മന്ത്രി വീണാ ജോർജ് - മെഡിക്കൽ കോളേജ്

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകളും നഴ്സിംഗ് കോളേജുകളും യാഥാർത്ഥ്യമായതായി ആരോഗ്യമന്ത്രി വീണാ ജോർജ്. വയനാട്, കാസർഗോഡ് മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷൻ അനുമതി നൽകിയതോടെയാണ് ഇത് സാധ്യമായത്. പത്തനംതിട്ട, ഇടുക്കി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 4 മെഡിക്കൽ കോളേജുകൾക്ക് അനുമതി ലഭിച്ചതോടെ 300 എംബിബിഎസ് സീറ്റുകളിൽ സർക്കാർ ഫീസിൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ സാധിക്കുമെന്നും മന്ത്രി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸

## കെ സി എൽ

കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസിനെതിരെ ട്രിവാൻഡ്രം റോയൽസിന് 110 റൺസിന്റെ മിന്നും ജയം. ട്രിവാൻഡ്രം ഉയർത്തിയ 209 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ആലപ്പി 17 ഓവറിൽ 98 റൺസ് എടുക്കുന്നതിനിടെ പുറത്താകുകയായിരുന്നു. 6.45 ന് നടക്കുന്ന രണ്ടാമത്തെ മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, ഏരീസ് കൊല്ലം സെയിലേഴ്സിനെ നേരിടും.

---

## ഹോക്കി

ഏഷ്യകപ്പ് ഹോക്കി സൂപ്പർ - 4 മത്സരങ്ങൾക്ക് ഇന്ന് തുടക്കം. രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ ഇന്ന് കൊറിയയെ നേരിടും.

RNU TVPM

---

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കലാവസ്ഥാ മുന്നറിയിപ്പ് . വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ് . കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും മഞ്ഞജാഗ്രത നൽകിയിട്ടുണ്ട് . കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

---